പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 293 — 02.03.2020-ൽ മറുപടിക്ക്

**എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നുള്ള പച്ചരി വിതരണം**

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ താലൂക്കുകളിൽ വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ ഏത് എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നാണ് ലഭ്യമാക്കി കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; അങ്ങാടിപ്പുറം എഫ്.സി.ഐ ഗോഡൗണിൽ നിന്നും മേൽ താലൂക്കുകളിലേക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ താലൂക്കുകളിൽ വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണിൽ നിന്നുമാണ് ലഭിക്കേണ്ടതെങ്കിലും 2019 നവംബർ മുതൽ, പ്രസ്തുത താലൂക്കുകളുടെ അരി വിഹിതം പാലക്കാട്-ഒലവക്കോട് ഗോഡൗണിൽ നിന്നാണ് എഫ്.സി.ഐ. നൽകി വരുന്നത്. പ്രസ്തുത താലൂക്കുകൾക്കുള്ള അരി, അങ്ങാടിപ്പുറം ഗോഡൗണിൽ നിന്നു തന്നെ ലഭ്യമാക്കണമെന്ന് എഫ്.സി.ഐ. യോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 2017-18 ക്രോപ് ഇയറിലെ അരി 2019 മാർച്ചിനുള്ളിൽ തീർക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടെന്നും ഒലവക്കോട് ഡിപ്പോയിൽ 2017-18 ക്രോപ് ഇയറിലെ അരി അവശേഷിക്കുന്നതിനാലുമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നുമറിയിച്ചുകൊണ്ട് പ്രസ്തുത ആവശ്യം എഫ്.സി.ഐ. നിരാകരിക്കുകയാണുണ്ടായത്. തുടർന്ന് ഈ വിഷയത്തിൽ സർക്കാർ തലത്തിലും എഫ് സി ഐ യ്ക്ക് കത്ത് നൽകിയിട്ടുണ്ട് . |
| (ബി) എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് നിലവിൽ റേഷൻ കടകളിലേക്ക് വിതരണത്തിനായി പച്ചരി ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; റംസാൻ വ്രതം ആരംഭിക്കാനിരിക്കെ പച്ചരി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) ഉണ്ട്; ആവശ്യത്തിന് പച്ചരി ലഭ്യമാക്കണമെന്ന് എഫ്.സി.ഐ.യോട് ആവശ്യപ്പെട്ടതിന്റെ ഫലമായി ജില്ലാ സപ്ലൈ ആഫീസർമാരുടെ ആവശ്യകതയ്ക്കനുസരിച്ച് പച്ചരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് എഫ്.സി. ഐ.യിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) പാലക്കാട് ,പെരിന്തൽമണ്ണ- അങ്ങാടിപ്പുറം എഫ്.സി.ഐ ഗോഡൗണുകളിൽ എത്ര ടൺ പച്ചരി സ്റ്റോക്കുണ്ടെന്ന് വിശദമാക്കുമോ; സ്റ്റോക്കുണ്ടായിട്ടും റേഷൻ കടകളിലേക്ക് ബോയിൽഡ് റൈസ് മാത്രം വിതരണം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) പാലക്കാട് എഫ്.സി.ഐ. ഡിപ്പോയിൽ 8917.594 മെ.ടണ്ണും അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ 2013.124 മെ.ടണ്ണും പച്ചരി സ്റ്റോക്കുണ്ട്. 2017-18 ക്രോപ് ഇയറിലെ അരി ഒലവക്കോട് ഡിപ്പോയിൽ അവശേഷിക്കുകയും എന്നാൽ പ്രസ്തുത സ്റ്റോക്കിൽ പച്ചരി ഇല്ലാതിരുന്നതുമാണ് എഫ്.സി.ഐ.യിൽ നിന്ന് പച്ചരി ലഭ്യമാകാതിരുന്നതിന് കാരണം. |

**സെക്ഷൻ ഓഫീസർ**